# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3404 — 10.12.2018-ൽ മറുപടിക്ക്

### കടലാക്രമണത്തിന് ഇരയായ മത്സ്യത്തൊഴിലാളികൾക്ക് അടിയന്തര ധനസഹായം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ടി.എ.അഹമ്മദ് കബീർ**<br>**,, വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**,, ടി. വി. ഇബ്രാഹിം**<br>**,, കെ.എൻ.എ ഖാദർ** | | **ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ അടുത്തകാലത്തായി രൂക്ഷമായ കടലാക്രമണത്തിൽ മത്സ്യത്തൊഴിലാളികളുടെ വീടുകൾ, മത്സ്യബന്ധനോപകരണങ്ങൾ എന്നിവ തകരുകയും കേടുപാടുകൾ സംഭവിക്കുകയും ചെയ്തതിനെത്തുടർന്ന് മത്സ്യത്തൊഴിലാളികൾ ബുദ്ധിമുട്ടനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇവരെ സഹായിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) | തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന 24,451 കുടുംബങ്ങൾ ഉണ്ടെന്ന് ഫിഷറീസ് വകുപ്പ് 2016 ൽ നടത്തിയ പ്രാഥമിക സർവ്വേ പ്രകാരം കണക്കാക്കിയിട്ടുണ്ട്.<br>ഇതിൽ 10,000 ത്തോളം മത്സ്യത്തൊഴിലാളികൾ കടൽ ക്ഷോഭം ഏറ്റവും രൂക്ഷമായ പ്രദേശങ്ങളിലാണ് താമസിക്കുന്നത്. വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികൾ 2017-18 സാമ്പത്തിക വർഷത്തിൽ ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്നു.<br>1. 50 മീറ്ററിനുള്ളിൽ വസിക്കുന്നവരും CRZ അനുവദനീയ സ്ഥലങ്ങളിൽ സ്വന്തം ഭൂമിയുള്ളവരുമായ 400 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് 4 ലക്ഷം രൂപ വീതം ധനസഹായം നൽകുന്ന പദ്ധതിയിൽ വകുപ്പുമായി എഗ്രിമെന്റിൽ ഏർപ്പെട്ട 171 പേരിൽ 144 പേർ ഭവന നിർമ്മാണം ആരംഭിച്ചു. ഇതിൽ 98 പേർ നിർമ്മാണം |

പൂർത്തിയാക്കിയിട്ടുണ്ട്.

2. 50 മീറ്ററിനുള്ളിൽ വസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി 750 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് @ 10 ലക്ഷം രൂപ വീതം ധനസഹായം നൽകുന്ന പദ്ധതിയിൽ 314 പേർ സ്ഥലം വാങ്ങുകയും ഇതിൽ 197 പേരുടെ ഭവന നിർമ്മാണം പുരോഗമിച്ചുവരികയും ചെയ്യുന്നു.
3. തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിയ്ക്കുന്നതിനായി തിരുവനന്തപുരം കാരോട് വില്ലേജിൽ 1.05 ഹെക്ടർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. മറ്റു ജില്ലകളിലും ഇത്തരം പദ്ധതികൾ നടപ്പാക്കുന്നതാണ്.
4. തിരുവനന്തപുരം ജില്ലയിലെ വലിയതുറ, ചെറിയതുറ, കൊച്ചുതോപ്പ്, വലിയതോപ്പ് മത്സ്യഗ്രാമത്തിൽപ്പെട്ടവരും 50 മീറ്ററിനുള്ളിൽ താമസിച്ചിരുന്നവരും കടലാക്രമണത്തെ തുടർന്ന് ക്യാമ്പുകളിൽ കഴിഞ്ഞിരുന്നവരുമായ മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് മുട്ടത്തറ വില്ലേജിൽ ഫിഷറീസ് വകുപ്പിന് കൈമാറി കിട്ടിയ 3.5 ഏക്കർ സ്ഥലത്ത് 192 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ

   പുനരധിവസിപ്പിക്കുന്നതിനുള്ള ഫ്ളാറ്റ് സമുച്ചയം നിർമ്മിച്ച് 187 പേർക്ക് കൈമാറിയിട്ടുണ്ട്.

കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 2016-17 വർഷത്തിൽ 248 കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് നിർമ്മിക്കുന്നതിനായി 25 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതി പ്രകാരം യൂണിറ്റിന് 10 ലക്ഷം രൂപയാണ് ധനസഹായം. പദ്ധതിയിൽ ഉൾപ്പെടുത്തി ആകെ 120 പേർ ഇതുവരെ സ്ഥലം വാങ്ങുകയും 78 പേർ ഭവന നിർമ്മാണം ആരംഭിക്കുകയും ചെയ്തു. ടി പദ്ധതിയിൽ 3 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

അതോടൊപ്പം 2018 മൺസൂൺ കാലയളവിന് ശേഷം സംസ്ഥാനത്ത് വിവിധ ജില്ലകളിൽ ഉണ്ടായ കടൽ ക്ഷോഭത്തിൽ മത്സ്യബന്ധന

| | | | |
|---|---|---|---|
| | | | ഉപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് CMDRF ൽ നിന്നും നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച് വിഷയം പരിശോധിച്ച് വരുന്നു. |
| (സി) | മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ കടൽക്ഷോഭത്തിൽ നാശനഷ്ടം സംഭവിച്ചവർക്ക് അടിയന്തരമായി ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | 13/07/18 ന് മലപ്പുറം പൊന്നാനിയിൽ അപ്രതീക്ഷിതമായുണ്ടായ കടൽ ക്ഷോഭത്തിൽ തകർന്ന മത്സ്യബന്ധന യാനങ്ങൾക്കും മറ്റ് മത്സ്യബന്ധന ഉപകരണങ്ങൾക്കും സംഭവിച്ച നാശനഷ്ടത്തിന് ഏകദേശം തത്തുല്യമായ തുക നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ